# ഉള്ളടക്കം


* ആമുഖം
* ഉദ്ദേശ്യം
* ലക്ഷ്യങ്ങൾ
* സവിശേഷതകൾ
* വിദ്യാലയം ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ
* വിദ്യാലയത്തിന്റെ ആവശ്യങ്ങൾ
* ഉപസംഹാരം

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : എം. റ്റി. എൽ. പി. എസ്. കടപ്ര |
| വിലാസം | : കടപ്ര പി. ഒ., കുമ്പനാട് |
| ഫോൺ | : 9961484372/9605321419 |
| സ്കൂൾ കോഡ് | : 37312 |
| വിദ്യാഭ്യാസ ജില്ല | : പത്തനംതിട്ട |
| ഉപജില്ല | : പുല്ലാട് |
| റവന്യു ജില്ല | : പത്തനംതിട്ട |
| ബി. ആർ. സി | : പുല്ലാട് |
| സി. ആർ. സി | : പുല്ലാട് |
| ഗ്രാമ പഞ്ചായത്ത് | : കോയിപ്രം |
| ബ്ലോക്ക് പഞ്ചായത്ത് | : കോയിപ്രം |
| ജില്ലാ പഞ്ചായത്ത് | : പത്തനംതിട്ട |
| നിയമസഭാ മണ്ഡലം | : ആറന്മുള |
| ലോകസഭാ മണ്ഡലം | : പത്തനംതിട്ട |
| താലൂക്ക് | : തിരുവല്ല |
| വില്ലേജ് | : കോയിപ്രം |
| ഇ-മെയിൽ | : mtlpskadapra@gmail.com |

# ചരിത്രം

കോയിപ്രം പഞ്ചായത്തിലെ കടപ്ര എന്ന ഗ്രാമത്തിൽ 1914-ൽ ആണ് ഈ സ്കൂൾ സ്ഥാപിതമായത്. ഒന്നു മുതൽ അഞ്ച് വരെ ക്ലാസ്സുകളിലായി ആദ്യകാലങ്ങളിൽ പ്രവർത്തനം ആരംഭിച്ചു. പുത്തൻപറമ്പിൽ കിഴക്കേതിൽ ശ്രീ. വർഗീസ് കോശി സംഭാവനയായി തന്ന സ്ഥലത്താണ് ഈ സ്കൂൾ പ്രവർത്തനം ആരംഭിച്ചത്. ശ്രീ. നാണു ആയിരുന്നു ആദ്യത്തെ ഹെഡ്മാസ്റ്റർ. പാറൽ സ്കൂൾ എന്നറിയപ്പെടുന്ന ഈ വിദ്യാലയത്തിൽ പ്രാരംഭകാലം മുതലേ പാവപ്പെട്ടവരുടെ കുഞ്ഞുങ്ങളാണ് വിദ്യ അഭ്യസിച്ചു വന്നത്. പ്രഗത്ഭരായ അധ്യാപകർ, പ്രശസ്തരായ വിദ്യാർത്ഥികൾ എല്ലാം ഈ വിദ്യാലയത്തിന്റെ സമ്പത്താണ്. ഒരിടത്തരം ഗ്രാമത്തിന്റെ സമ്പത്താണ് ഈ വിദ്യാലയം.

# ഉദ്ദേശ്യം

* ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക.
* ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി കണക്കാക്കുക അവരുടെ വിവിധ മേഖലകളിലുള്ള വികസനം ഉറപ്പാക്കുക.
* വിദ്യാലയത്തിലെ മുഴുവൻ കുട്ടികളെയും മാനസികവും ബുദ്ധിപരവുമായ എല്ലാ കഴിവുകളും വികസിപ്പിച്ച് അക്കാദമിക് വളർച്ചയ്ക്ക വേണ്ടി തയാറാക്കുവാൻ കഴിയുന്ന തരത്തിൽ സമഗ്രമാക്കുക.
* വ്യക്തമായ ആസൂത്രണത്തിലൂടെ കുട്ടികളുടെ കഴിവുകൾ കണ്ടെത്തുക.

# ലക്ഷ്യങ്ങൾ

* ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക.
* അക്കാദമിക കാര്യങ്ങളിൽ പൂർണത സംഭരിക്കുവാൻ എന്തെല്ലാം ചെയ്യണം എന്നത് കൃത്യമായി ആസൂത്രണം ചെയ്യുക.
* മുഴുവൻ കുട്ടികളെയും മാനസികവും ബുദ്ധിപരവുമായ എല്ലാ കഴിവുകളും വികസിപ്പിച്ച് അക്കാദമിക വളർച്ചയ്ക്കുവേണ്ടി തയാറാക്കുക.
* രചനാ പ്രവർത്തനങ്ങളിൽ എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കുക.
* ആധുനിക സാങ്കേതിക വിദ്യാഭ്യാസം നടപ്പിലാക്കുക.

# സവിശേഷതകൾ

* പ്രതീക്ഷ ഉണർത്തുന്നതാവണം.
* പ്രചോദനമാവണം.
* ഓരോ സ്കൂളിന്റെയും തനതായ പ്രവർത്തനങ്ങൾ ആയിരിക്കണം.
* മുഴുവൻ കുട്ടികളുടെയും അറിവിനെ കേന്ദ്രീകരിക്കുന്നതായിരിക്കണം.
* മുൻഗണനാക്രമം പാലിക്കണം.
* അധ്യാപക, രക്ഷകർതൃ യോഗത്തിൽ മെച്ചപ്പെടുത്തിയിരിക്കണം.
* വിദ്യാലയത്തെ സാമൂഹിക സ്ഥാപനമായിമാറ്റുന്നതിന് ഉതകുന്ന തരത്തിലാവണം.

# പ്രതിസന്ധികളും പരിമിതികളും

ചുറ്റുമതിലിന്റെയും, ഗേറ്റിന്റെയും അഭാവം മൂലം ഹരിതോദ്യാനം, ഹരിതപാർക്ക്, പച്ചക്കറിത്തോട്ടം എന്നിവയുടെ നിർമ്മാണം സാധിക്കുന്നില്ല.

## പ്രവർത്തനക്രമം

* പഠനപ്രവർത്തനത്തിന്റെ ഭാഗമായി നടത്തുന്ന രചനാപ്രവർത്തനങ്ങൾ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ.
* ഈ രചനാപ്രവർത്തനങ്ങൾ ചേർത്ത് പതിപ്പുകൾ നിർമ്മിക്കുകയും, ഈ പതിപ്പുകൾ അധ്യാപകർ, SRG, PTA അംഗങ്ങൾക്ക് വായിക്കുന്നതിന് അവസരം നൽകൽ.
* വായനാസാമഗ്രികൾ ശേഖരിക്കൽ.
* അധികവായനാസമയം കണ്ടെത്തൽ (ജൂൺ 11 മുതൽ ജൂലൈ 17 വരെ)
* വായനാക്കുറിപ്പ് തയ്യാറാക്കൽ
* കുട്ടികളുടെയും, രക്ഷിതാക്കളുടെയും, അധ്യാപകരുടെയും രചനകൾ ഉൾപ്പെടുത്തിയ കയ്യെഴുത്ത് മാസിക നിർമ്മാണം (ജൂൺ 11 – ജൂലൈ 17)
* കയ്യെഴുത്ത് മാസിക പ്രകാശനം ചെയ്യൽ (ഓഗസ്റ്റ് മാസം)

ധനകാര്യവിശകലനം

| ഇനം | ചെലവ് | വരവ് - സ്രോതസ് |
| --- | --- | --- |
| A4 പേപ്പർ | 250 | പ്രധാനാധ്യാപിക. |
| ക്രയോൺ, സ്കെച്ച് | 100 | " |
| ചാർട്ട് | 50 | |
| കളർ പേപ്പർ | 180. | " |
| ആകെ | 580/- | |

ചുമതല : ക്ലാസ് അധ്യാപകർ
മോണിറ്ററിംഗ് : ഹെഡ്മിസ്ട്രസ്

## • വിദ്യാലയത്തിന്റെ ആവശ്യങ്ങൾ

1. ചുറ്റുമതിൽ - ഗേറ്റ്
2. കളിയുപകരണങ്ങളുടെ ആവശ്യത.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കാൻ വിദ്യാലയം ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

മേഖല : അക്കാദമികം

ഉപമേഖല : ഭാഷാ പഠനം

പ്രവർത്തനത്തിന്റെ പേര് : ഭാഷോത്സവം.

# ലക്ഷ്യങ്ങൾ

+ കുട്ടികളുടെ മാതൃഭാഷാ നിലവാരം ഉയർത്തൽ
+ സർഗാത്മ രചനകളിൽ ഏർപ്പെടുവാൻ കുട്ടികൾക്ക് അവസരമൊരുക്കി രചനകൾ പൊതുസമൂഹമായി പങ്കുവയ്ക്കൽ.
+ കുട്ടികളുടെ നിലവാരം പരിഗണിച്ചുകൊണ്ടുള്ള വായനാ സാമഗ്രികളുടെ ശേഖരണവും നിർമാണവും.
+ പ്രാദേശിക വിഭവങ്ങളെ സർഗാത്മകമായ പ്രവർത്തനങ്ങളിൽ ഉപയോഗിക്കൽ

# പ്രവർത്തനം 2 - ഗണിതം മധുരം

## ചതുഷ്ക്രിയകളുപയോഗിച്ച് പ്രശ്നനിർധാരണം.

### ഉദ്ദേശ്യം

ഒന്നു മുതൽ IV വരെ ക്ലാസുകളിൽ ഗണിതക്രിയകൾ ചെയ്യുന്നതിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് അധികസഹായം നൽകുന്നതിന്.

### പ്രവർത്തനക്രമം

* അനുയോജ്യമായ നിദാനങ്ങളുപയോഗിച്ച് സഹായം ആവശ്യമായ കുട്ടികളെ കണ്ടെത്തൽ
* SRG യിൽ പരിഹാരപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ.
* ആഴ്ചയിൽ രണ്ടു ദിവസം അധ്യാപകരുടെ മേൽനോട്ടത്തിൽ പ്രത്യേക പരിശീലനങ്ങൾ നൽകൽ. (വ്യാഴം, വെള്ളി)
* ഇടയ്ക്ക് വിലയിരുത്തൽ [ഓരോ മാസത്തെയും ഒന്നാമത്തെ പ്രവൃത്തി ദിവസം]
* പുരോഗതി വിലയിരുത്തൽ, തുടർപ്രവർത്തനങ്ങൾ തീരുമാനിക്കൽ
* വിലയിരുത്തൽ PTA യിൽ പങ്കുവെക്കൽ.

# ഉപസംഹാരം

പൊതു വിദ്യാഭ്യാസ മേഖലയിലുള്ള എല്ലാവരുടെയും കുട്ടികളെ പൊതുവിദ്യാലയത്തിലെത്തിക്കുക. വിദ്യാലയ പ്രവർത്തനത്തിൽ പൊതുസമൂഹത്തിന്റെ സാമീപ്യം ലഭ്യമാക്കുക, വൈവിധ്യമാർന്നതും തനിമയുള്ളതുമായ അന്വേഷണങ്ങളിലൂടെയും ഇടപെടലുകളിലൂടെയും പൊതുവിദ്യാഭ്യാസത്തെ കരുത്തുള്ളതാക്കിത്തീർക്കുക, തുടങ്ങിയ ലക്ഷ്യങ്ങൾ ഓരോ വിദ്യാലയവും നേടിയെടുക്കുവാൻ ഈ സംരംഭം ഇടയാകട്ടെ. എല്ലാ വിദ്യാലയങ്ങൾക്കും തുല്യപ്രാധാന്യം നൽകി വികസന പ്രവർത്തനങ്ങൾ നടത്തണമെന്ന് ആഹ്വാനം ചെയ്തുകൊണ്ട് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ഉപസംഹരിച്ചു കൊള്ളുന്നു.